# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2341 — 09.03.2018-ൽ മറുപടിയ്ക്ക്.

## ക്ഷീരകർഷകർക്ക് സമഗ്ര ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.ടി. വി. ഇബ്രാഹിം**<br>**ശ്രീ.സി.മമ്മൂട്ടി**<br>**ശ്രീ.എൻ. ഷംസുദ്ദീൻ**<br>**ശ്രീ.പാറക്കൽ അബ്ദുല്ല** | **ശ്രീ.കെ രാജു**<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പാലുൽപ്പാദന രംഗത്ത് കൂടുതൽ പേരെ ആകർഷിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി ക്ഷീരകർഷക കുടുംബങ്ങളെയും അവർ വളർത്തുന്ന കന്നുകാലികളെയും ഉൾപ്പെടുത്തി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ;<br><br>(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (എ) യും (ബി) യും സംസ്ഥാനത്ത് നിലവിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ നാഷണൽ ലൈവ് സ്റ്റോക്ക് മിഷൻ (എൻ.എൽ.എം.) 2016-17, ഗോസമൃദ്ധി 2017-18 എന്നീ ഇൻഷ്വറൻസ് പദ്ധതികൾ പ്രകാരം ഉരുക്കളെ ഇൻഷ്വർ ചെയ്യുന്ന പദ്ധതി നിലവിലുണ്ട്. ഈ പദ്ധതികൾ തുടർന്നു വരുന്നു.<br>ക്ഷീരവികസന വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങളിൽ പാൽ നൽകുന്നതും ക്ഷീരകർഷക ക്ഷേമനിധിയിൽ അംശാദായം നൽകുന്നതുമായ എല്ലാ ക്ഷീരകർഷകരേയും ഉൾപ്പെടുത്തി ആരോഗ്യ സുരക്ഷ, അപകട സുരക്ഷ, ലൈഫ് ഇൻഷ്വറൻസ്, കറവമാടുകൾക്ക് ഗോസുരക്ഷ, ഗോസുരക്ഷ ചികിത്സാ പോളിസിയിലൂടെയുള്ള ചികിത്സാ ചെലവ് എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതിയാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>• ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയ്ക്ക് ക്ഷീരകർഷകർക്ക് പ്രായപരിധിയില്ല.<br>• പദ്ധതിയിൽ ചേരുമ്പോൾ ഉണ്ടായിരുന്ന എല്ലാ രോഗങ്ങൾക്കും തുടർന്നും ചികിത്സ ഉൾപ്പെടുത്തിയിട്ടുണ്ട്. |

- പോളിസി തുകയ്ക്ക് കർഷകരുടെ കുടുംബത്തിന് ചികിത്സ ലഭ്യമാണ്. ഓരോ വ്യക്തികൾക്കും പരിധി നിശ്ചയിച്ചിട്ടില്ല.
- ലൈഫ് ഇൻഷ്വറൻസിന് 75 വയസ് വരെയുള്ളവർക്ക് അംഗമാകാം.
- കർഷകർക്ക് അപകടം സംഭവിച്ച് മരണപ്പെട്ടാൽ 25 വയസിൽ താഴെയുള്ള മക്കൾക്ക് പഠനത്തിന് 20,000/- രൂപ സ്കോളർഷിപ്പ് നൽകും.
- സംസ്ഥാനത്തെ എല്ലാ സ്പെഷ്യാലിറ്റി ആശുപത്രികളിലും ഇൻഷ്വറൻസ് പരിധിക്കുള്ളിൽ സൗജന്യ ചികിത്സയോ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സൗകര്യമോ ഏർപ്പെടുത്തും.

**സെക്ഷൻ ഓഫീസർ**